**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1879 04.05.2017- ൽ മറുപടിക്ക്**

**"ഇൻഡ്യൻ കോഫി ബോർഡ്" തൊഴിലാളി സഹകരണ സംഘം പിരിച്ചുവിട്ട നടപടി "**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>,, ഷാഫി പറമ്പിൽ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, അനൂപ് ജേക്കബ് | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ഇൻഡ്യൻ കോഫി ബോർഡ് തൊഴിലാളി സഹകരണ സംഘം (4227) ഡയറക്ടർ ബോർഡ് പിരിച്ചുവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു; | എ) | ഉണ്ട്. ഇൻഡ്യൻ കോഫീ ഹൗസ് ബോർഡിനെതിരെ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ഇന്ത്യൻ കോഫീ ബോർഡ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4227-ൽ ഗുരുതരമായ അഴിമതിയും, ക്രമക്കേടുകളും സഹകരണ നിയമത്തിനും ചട്ടത്തിനും വിരുദ്ധമായ ഭരണ നിർവ്വഹണവും നടന്നിട്ടുള്ളതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ എന്ന നിലയിൽ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 22.02.2017-ലെ നമ്പർ ബി2/6711/16-ാം നമ്പർ ഉത്തരവ് പ്രകാരം ഇന്ത്യൻ കോഫീ ബോർഡ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4227 -ന്റെ ഭരണ സമിതിയെ പിരിച്ചു വിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ടുള്ളതാകുന്നു. |
| ബി) | തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന പ്രസ്തുത ഡയറക്ടർ ബോർഡിനെതിരെ കള്ളപരാതിയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് അഡ്മിനിസ്ട്രേറ്റർ ഭരണം ഏൽപ്പിച്ചത് സഹകരണ ജനാധിപത്യത്തിനെ നശിപ്പിക്കുന്നതിന് വേണ്ടിയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഇന്ത്യൻ കോഫീ ബോർഡ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4227-ന് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി ഗുരുതരമായ ക്രമക്കേടുകൾ നടന്നതായി ബോദ്ധ്യപ്പെട്ടതിന്റെയടിസ്ഥാത്തിലാണ് രജിസ്ട്രാർ നടപടി സ്വീകരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| സി) | സഹകരണ സംഘം ഹെഡ് ഓഫീസ് തല്ലിപ്പൊളിച്ച് ഓഫീസ് റിക്കാർഡുകൾ ബലമായി എടുത്തുകൊണ്ടുപോയവർക്കെതിരെ നടപടി സ്വീകരിക്കുമോ? | സി) | ടി വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

**സെക്ഷൻ ഓഫീസർ**